ഉത്തരം

(എ&ബി) 1886-ലെ പെരിയാർ പാട്ടക്കരാർ പ്രകാരം 155 അടി കോണ്ടൂർ പ്രദേശത്തുനിന്നും ജലസംഭരണിയിൽ ഒഴുകിയെത്തുന്ന മുഴുവൻ ജലവും 999 വർഷത്തേക്ക് തമിഴ്നാടിന് ഉപയോഗിക്കാവുന്നതാണ്, എന്നതിനാൽ പ്രത്യേക കണക്ക് സൂക്ഷിക്കേണ്ടതായിട്ടില്ല.

(സി) ഇപ്രകാരം അനധികൃതമായി തമിഴ്നാട് ജലം ചോർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) 140 മെഗാവാട്ട് വൈദ്യുതി ഉല്പാദനത്തിനാവശ്യമായ ജലമാണ് ഈ നാല് കൂറ്റൻ പൈപ്പുകൾ വഴി ലോവർ ക്യാമ്പിലെത്തിക്കുന്നത്. 1970 -ലെ നിബന്ധനകൾ പ്രകാരം ഇതിനുള്ള അവകാശം തമിഴ്നാടിന് നൽകിയിട്ടുണ്ട്.

(എഫ്) അനധികൃതമായി വെള്ളം ചോർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിടത്തെല്ലാം അത് തടയുന്നതിന് വേണ്ട എല്ലാ നടപടികളും കൈക്കൊണ്ടു വരുന്നുണ്ട്.

ചെമ്പകവല്ലി (കന്യാമാട്) ഡാം

23(226) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ പുഴയിലെ ചെമ്പകവല്ലി (കന്യാമാട്) ഡാമിന്റെ അറ്റകുറ്റപ്പണികൾക്കായി തമിഴ്നാട് സർക്കാരിൽനിന്നും എത്ര രൂപയാണ് കേരളം കൈപ്പറ്റിയതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഡാം എന്നാണ് നിർമ്മിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) ഡാമിലെ ജലം തമിഴ്നാട്ടിലെ ഏതെല്ലാം ജില്ലകളിലേക്കാണ് തിരിച്ചുവിടുന്നത് ;

(ഡി) എത്ര ഘനയടി ജലമാണ് തിരിച്ചുവിടുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 5.15 ലക്ഷം രൂപ

(ബി) ഈ ഡാമിന്റെ നിർമ്മാണ കാലഘട്ടത്തെക്കുറിച്ച് വ്യക്തമായ രേഖകളൊന്നും ലഭിച്ചിട്ടില്ല. 1886-ലെ പെരിയാർ പാട്ടക്കരാറിലോ 1910-1915 കാലത്ത് തയ്യാറാക്കിയ പെരിയാർ ബേസിന്റെ ജി.ടി.എസ് മാപ്പിലോ ഈ ഡാമിനെകുറിച്ച് ഒന്നും രേഖപ്പെടുത്തിയിട്ടില്ല.

(സി&ഡി) ഈ അടുത്ത കാലത്തായി വനംവകുപ്പ് നടത്തിയ പരിശോധനയിൽ ഈ ഡാം ദീർഘനാളായി ഉപയോഗത്തിലില്ലെന്നും ഇപ്പോൾ തമിഴ്നാട്ടിലേക്ക് വെള്ളം ഒഴുകുന്നില്ലായെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly